| (1) | (2) | (3) |
|---|---|---|
| 4 | 2011-12 | 46.61 |
| 5 | 2012-13 | 153.55 |
| 6 | 2013-14 | 204.07 |
| 7 | 2014-15 up to (Dec - 14) | 160.46 |
| | Total | 761.74 |

സപ്ലൈകോയ്ക്ക് സർക്കാരിൽനിന്നും 2013-14 ഖാരിഫ് സീസൺ മുതൽ 10-3-2015 വരെ നെല്ല് സംഭരണ ഇനത്തിൽ 233.86 കോടി രൂപ നൽകാനുണ്ട്.

**സൗജന്യ യൂണിഫോം വിതരണം**

6 (*96) ശ്രീ. സാജു പോൾ :

ശ്രീ. കെ. കെ. നാരായണൻ :

ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നടപ്പ് അദ്ധ്യയന വർഷത്തെ സൗജന്യ യൂണിഫോം വിതരണം പൂർത്തിയാക്കിയിട്ടുണ്ടോ ; മുൻവർഷത്തേതിൽനിന്നും യൂണിഫോം വിതരണത്തിൽ മാറ്റം വരുത്തിയിട്ടുണ്ടോ ;

(ബി) എയ്ഡഡ് സ്കൂളുകളിലെ യൂണിഫോം വിതരണത്തിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ ;

(സി) എത്ര കുട്ടികൾക്കാണ് യൂണിഫോം വിതരണം ചെയ്യാൻ ഉദ്ദേശിച്ചത് ; ഇതിനായി എത്ര രൂപ ചെലവ് പ്രതീക്ഷിക്കുന്നു ; ആവശ്യമായ തുക അനുവദിച്ചിട്ടുണ്ടോ ;

(ഡി) കഴിഞ്ഞ വർഷം യൂണിഫോം വിതരണം ചെയ്തതിന്റെ മുഴുവൻ തുകയും കൊടുത്തുതീർത്തിട്ടുണ്ടോ ;

(ഇ) അടുത്ത അദ്ധ്യയന വർഷം ആരംഭത്തിൽത്തന്നെ യൂണിഫോം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

993/2018

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) :

(എ) നടപ്പ് അദ്ധ്യയന വർഷത്തെ സൗജന്യയൂണിഫോം വിതരണം സർക്കാർ മേഖലയിലെ എൽ.പി., യു.പി. വിഭാഗങ്ങളിൽ പഠിക്കുന്ന എ.പി.എൽ. വിഭാഗത്തിലെ ആൺകുട്ടികൾ ഒഴികെ എല്ലാപേർക്കും വിതരണം ചെയ്തിട്ടുണ്ട്. മുൻവർഷം പൊതു വിദ്യാഭ്യാസ ഡയറക്ടർ എംപാനൽ ചെയ്ത കമ്പനികളിൽ നിന്നും ഹെഡ്മാസ്റ്റർമാർ നേരിട്ട് യൂണിഫോമിനായുള്ള തുണി വാങ്ങി വിതരണം നടത്തുന്നതിനാണ് നിർദ്ദേശിച്ചിരുന്നത്. എന്നാൽ നടപ്പുവർഷം യൂണിഫോം വിതരണത്തിന് മുൻതൂക്കം നൽകിയിട്ടുള്ളത് സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികളെയാണ്.

(ബി) നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടില്ല.

(സി) സർക്കാർ മേഖലയിലെ എൽ.പി., യു.പി. വിഭാഗത്തിലെ എ.പി.എൽ. വിഭാഗത്തിൽപ്പെട്ട ആൺകുട്ടികൾ ഒഴികെ താഴെപ്പറയുന്ന കുട്ടികൾക്ക് യൂണിഫോം എസ്.എസ്.എ. മുഖേന നൽകുവാൻ ഉദ്ദേശിച്ചിരുന്നു. ആവശ്യമായ തുക അനുവദിച്ചിട്ടുണ്ട്.

| വിഭാഗം | കുട്ടികളുടെ എണ്ണം | അനുവദിച്ച തുക (ലക്ഷത്തിൽ) |
|---|---|---|
| എല്ലാ പെൺകുട്ടികൾക്കും | 441047 | 1764.19 |
| എസ്.സി. ആൺകുട്ടികൾ | 62655 | 250.62 |
| എസ്.റ്റി. ആൺകുട്ടികൾ | 18206 | 72.82 |
| ബി.പി.എൽ. ആൺകുട്ടികൾ | 258535 | 1034.14 |
| ആകെ | 780443 | 3121.77 |

(ഡി) മുഴുവൻ തുകയും നൽകിയിട്ടുണ്ട്.

(ഇ) നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly